# കാർഷിക കാലാവസ്ഥ നിർദ്ദേശക ബുള്ളറ്റിൻ, എറണാകുളം ജില്ല

**പ്രവചന കാലയളവ് 11.09.2024 മുതൽ 15.09.2024 വരെ**

**വെള്ളാനിക്കര കേരള കാർഷിക സർവ്വകലാശാലയിലെ**
**കാർഷിക കാലാവസ്ഥാ ശാസ്ത്രപഠന വിഭാഗവും**
**ഭാരതീയ കാലാവസ്ഥാ വകുപ്പും സംയുക്തമായി തയ്യാറാക്കുന്നത്**

| എ എ എസ് ബുള്ളറ്റിൻ നമ്പർ 37/2024 (73) ചൊവ്വാഴ്ച | തീയ്യതി 10/09/2024 |
|---|---|

## 2. അടുത്ത 5 ദിവസത്തേക്കുള്ള ഇന്ത്യൻ കാലാവസ്ഥാ വിഭാഗത്തിന്റെ കാലാവസ്ഥാ പ്രവചനം :

| കാലാവസ്ഥാ ഘടകങ്ങൾ | 11.09.2024 | 12.09.2024 | 13.09.2024 | 14.09.2024 | 15.09.2024 |
|---|---|---|---|---|---|
| മഴ (മില്ലി മീറ്റർ) | 3 | 2 | 3 | 4 | 3 |
| ഉയർന്ന താപനില (°C) | 31 | 32 | 32 | 32 | 32 |
| കുറഞ്ഞ താപനില (°C) | 25 | 25 | 25 | 25 | 25 |
| കൂടിയ അന്തരീക്ഷ ആർദ്രത (%) | 90 | 90 | 88 | 92 | 92 |
| കുറഞ്ഞ അന്തരീക്ഷ ആർദ്രത (%) | 80 | 80 | 76 | 86 | 86 |
| കാറ്റിന്റെ വേഗത (കിലോമീറ്റർ/മണിക്കൂർ) | 4 | 5 | 4 | 4 | 5 |
| കാറ്റിന്റെ ദിശ (ഡിഗ്രി ) | 270 | 270 | 290 | 290 | 290 |
| മേഘ വ്യാപ്തി (ഒക്ടാ ) | 8 | 8 | 5 | 8 | 8 |

കാലാവസ്ഥാ അറിയിപ്പ്:- IMD യുടെ പ്രവചനപ്രകാരം ജില്ലയിൽ ഒറ്റപ്പെട്ട സ്ഥലങ്ങളിൽ സാമാന്യം ഭേദപ്പെട്ട മഴയ്ക്കു സാധ്യത. കേരളത്തിൽ ശരാശരിക്കും, ശരാശരിയേക്കാൾ കൂടുതലും മഴ ലഭിക്കാൻ സാധ്യത.

## 3. വിള പരിപാലനത്തിനുള്ള പൊതു നിർദ്ദേശങ്ങളും കാർഷിക നിർദ്ദേശങ്ങളും

പൊതുനിർദേശങ്ങൾ: കാലവർഷം ആരംഭിച്ചതിനാൽ കാർഷികവിളകൾക്ക് പ്രത്യേക വിളപരിപാലനം നടത്തേണ്ടതാണ്. വെള്ളക്കെട്ടുള്ള സ്ഥലങ്ങളിൽ നീർവാർച്ചാസൗകര്യങ്ങൾ ഉറപ്പുവരുത്തുക. മണ്ണ് പരിശോധന നടത്തി മണ്ണിൽ അമ്ലത്വം കൂടുതൽ കാണപ്പെടുകയാണെങ്കിൽ ആവശ്യത്തിന് കുമ്മായം ചേർത്തുകൊടുക്കുക. മഴയില്ലാത്ത സമയത്ത്മാത്രം കീടനാശിനി പ്രയോഗം നടത്തുക. വാഴകൾക്ക് താങ്ങുകാലുകൾ നൽകുക. പച്ചക്കറി പന്തലുകൾ കൂടുതൽ ബലപ്പെടുത്തുക. കർഷകർക്കും, കന്നുകാലികൾക്കും ഇടിമിന്നൽ ഏൽക്കാതിരിക്കാൻ തുറസ്സായ സ്ഥലങ്ങളിൽ നിൽക്കാതിരിക്കുക.

| വിളകൾ | - | കാർഷിക / മൃഗസംരക്ഷണ നിർദ്ദേശങ്ങൾ (RRS Vyttila) |
|---|---|---|
| നെല്ല് (പൊക്കാളി) | തണ്ടു തുരപ്പൻ | ട്രൈക്കോഗ്രാമ്മ ജപോണിക്കം എന്ന മുട്ടപരാദത്തിൻറെ ട്രൈക്കോകാർഡുകൾ ഒരു ഹെക്ടറിന് 5 cc നിരക്കിൽ പറിച്ച് നട്ട് 15 മുതൽ 30 ദിവസം വരെ ആകുമ്പോൾ ആഴ്ചതോറും വെക്കുക. |
| നെല്ല് (വിരിപ്പ്) | ചാഴി | രണ്ടാം വിള ചെയ്യുന്നവർക്ക് ഞാറ്റടി തയ്യാറാക്കാനുള്ള സമയമാണിത്. ഒന്നാം കൃഷി വൈകി ഇറക്കിയവർ ചാഴിക്കെതിരെ സംരക്ഷണ നടപടികൾ എടുക്കേണ്ടതാണ്. മത്തി-ശർക്കര മിശ്രിതം 20 മി.ലി. ഒരു ലിറ്റർ വെള്ളത്തിനെന്നുള്ള തോതിൽ തളിക്കാവുന്നതാണ്.അല്ലെങ്കിൽ അസാഡിറാക്ടിൻ (3000 ppm) 10 മി.ലി. ഒരു ലിറ്റർ വെള്ളത്തിനെന്ന തോതിൽ തളിക്കാവുന്നതാണ്. |
| തെങ്ങ് | മണ്ടചീയൽ | നീർവാർച്ച ഉറപ്പുവരുത്തുക. മണ്ടചീയലിന് പ്രതിരോധ നടപടികൾ സ്വീകരിക്കുക |
| ഇഞ്ചി | മൃദു ചീയൽ, തണ്ട് തുരപ്പൻ പുഴു | മൃദു ചീയൽ, തണ്ട് തുരപ്പൻ പുഴു എന്നിവയ്ക്കെതിരെ സംരക്ഷണ നടപടികൾ കൈക്കൊള്ളുക. ബിവേറിയ, സ്യൂഡോമോണസ് എന്നിവ ഒന്നിടവിട്ട ആഴ്ച്ചകളിൽ 20 ഗ്രാം ഒരു ലിറ്റർ വെള്ളത്തിന് എന്ന തോതിൽ തളിക്കാവുന്നതാണ്. |

മൃഗസംരക്ഷണം-: മൃഗസംരക്ഷണം-: കാലി തീറ്റ ചാക്കുകൾ മരപ്പലകയുടെയോ ഇരുമ്പുപ്പലകയുടെയോ മുകളിൽ സൂക്ഷിക്കുക. കാലി തീറ്റയിൽ ഈർപ്പം കലർന്നാൽ അത് മാരകമായ പൂപ്പൽ വിഷ ബാധയ്ക്ക് കാരണമാകും. തൊഴുത്തിലോ, പരിസരത്തോ എലി ശല്ല്യം ഇല്ലാതിരിക്കുവാൻ ശ്രദ്ധിക്കുക. എലിയിൽ നിന്നും പകരുന്ന എലിപ്പനി അഥവാ ലെപ്റ്റോസ്പൈറോസിസ് എന്ന രോഗം ഉരുക്കൾക്കും കർഷകർക്കും ഒരുപോലെ മാരകമാണ്. (CAADECCS, KVASU, Mannuthy)